ണ്. നമ്മുടെ പ്രാചീനമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും എല്ലാം പ്രകൃതിയെ സ്നേഹിക്കുന്നതും ആരാധിക്കുന്നതുമാണ്. നമ്മുടെ ദൈവ സങ്കൽപ്പങ്ങൾ പലതും പ്രകൃതിയുമായി ബന്ധപ്പെട്ടതാണ്. കേരളത്തിന്റെ തനിമയും ശാലീനതയും പ്രകൃതിയെ ഇണക്കിനിർത്തിയതിന്റെ ഫലമാണ്. കേരളീയ കുടുംബങ്ങളുടെ പാരമ്പര്യവും പശ്ചാത്തലവും പ്രകൃതിയുമായി പൊരുത്തപ്പെട്ടു പോകുന്നതാണ്. പച്ചവിരിച്ച നെൽപ്പാടങ്ങളും പാടങ്ങൾക്ക് അതിർതിരിക്കുന്ന കൈത്തോടുകളും തോട്ടുവക്കിലെ കൈതയോലക്കാടുകളും നമ്മുടെ ഗ്രാമീണത്തനിമയുടെ ഭാഗമാണ്. അമ്പലവും അമ്പലമുറ്റവും അരയാലും ആൽത്തറയുമെല്ലാം നമ്മുടെ ഗ്രാമവാസികളുടെ ഒത്തുചേരൽ കേന്ദ്രമാണ്. നമ്മുടെ വീട്ടുവളപ്പിലെല്ലാം ഔഷധ സസ്യങ്ങൾ ധാരാളമായി വളരുന്നുണ്ട്. വീട്ടുമുറ്റത്തെ തുളസിയും തുളസിത്തറയും കൂവളവും വേപ്പുമെല്ലാം നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. നമ്മുടെ പ്രധാന തറവാടുകളോടുചേർന്ന് സർപ്പക്കാവുകൾ ധാരാളമായി ഉണ്ടായിരുന്നു. നമ്മുടെ പുരോഗതിയുടെ ഭാഗമായി കടന്നുവന്ന പരിഷ്കാരങ്ങൾ കാവുകളുടെ നാശത്തിനിടയാക്കിയിട്ടുണ്ടെങ്കിലും ഇന്നും വളരെയധികം കാവുകൾ നിലവിലുണ്ട്. സർപ്പങ്ങൾ ആരാധനാമൂർത്തിയായിട്ടുള്ള ക്ഷേത്രങ്ങൾ ഇവിടെ നിലവിലുണ്ട്. ഹരിപ്പാട് മണ്ണാറശ്ശാലയിലും കണ്ണൂർ ജില്ലയിലെ കയ്യെത്തുനാഗം, പെരളശ്ശേരി, വെട്ടിക്കോട് എന്നിവിടങ്ങളിലും സർപ്പങ്ങളെയാണ് ആരാധിക്കുന്നത്. വീട്ടുമുറ്റത്തുള്ള കാവുകൾ നമ്മുടെ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് വളരെ പ്രയോജനപ്രദമാണ്. ഈ കാവുകൾ സർപ്പങ്ങളുടെ ആവാസ കേന്ദ്രമാണ്. ഇവിടെ വളരുന്ന ഔഷധ സസ്യങ്ങൾ നമ്മുടെ സാമൂഹ്യഘടനയ്ക്ക് വളരെ അനിവാര്യമാണ്. ഈ കാവുകൾ നിലനിർത്തി മുന്നോട്ടുപോകേണ്ടതിന്റെ ആവശ്യകത സമൂഹം ഉൾക്കൊള്ളേണ്ടതാണ്.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്തദിവസം തുടരാം.(ചർച്ച തുടരും)

(4) 1999-ലെ കേരള ബ്യൂട്ടിപാർലർ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. കെ.സി. വേണുഗോപാൽ : സർ, 1999-ലെ കേരള ബ്യൂട്ടി പാർലർ തൊഴിലാളി ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, പീടികത്തൊഴിലാളി ക്ഷേമനിധി എന്നപേരിൽ ഒരു ക്ഷേമനിധി ആരംഭിക്കുന്ന കാര്യം ഇതിനകംതന്നെ സർക്കാർ തീരുമാനിച്ചുകഴിഞ്ഞു. ഇതിനായി ലേബർ കമ്മീഷണർ സമർപ്പിച്ച കരടുബിൽ സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത സാഹചര്യത്തിൽ ബ്യൂട്ടി പാർലറിലെ തൊഴിലാളികൾക്കായി ഒരു പ്രത്യേക ക്ഷേമനിധി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനാർഹമല്ല. അതുകൊണ്ട് ഈ ബില്ലിന് നിയമസഭയിൽ അവതരണാനുമതി നൽകേണ്ടതില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ രൂക്ഷമായ മുഖം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. സ്വയം തൊഴിൽ കണ്ടെത്താനുള്ള മാർഗ്ഗങ്ങൾപോലും അടഞ്ഞുകൊണ്ടിരിക്കുന്ന

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്ത് ഏതെങ്കിലുമൊരു കൊച്ചുകൂര കിട്ടിയാൽ ആ കൂരയിൽ സ്വയംതൊഴിൽ അഭ്യസിപ്പിക്കാൻ കഴിഞ്ഞാൽ തൊഴിലില്ലായ്മയുടെ ക്രൂരമായ, ബീഭത്സമായ മുഖത്തിന്റെ ഒരു ചെറിയ ചിത്രം മാറ്റാൻ കഴിയുമെന്നാണ് നാം കാണുന്നത്.

<u>ശ്രീ. തമ്പാനൂർ രവി</u> ; സർ, സാധാരണ സൗന്ദര്യം കുറഞ്ഞ ആളുകൾ സൗന്ദര്യവർദ്ധനവിനുവേണ്ടിയാണ് ബ്യൂട്ടി പാർലറിൽ പോകുന്നത്. സുമുഖനും സുന്ദരനുമായ അങ്ങ് ഇത്തരത്തിലൊരു ബിൽ ഈ സഭയിൽ കൊണ്ടുവരാനുണ്ടായ ചേതോവികാരമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ബഹുമാനപ്പെട്ട അങ്ങേയ്ക്ക് തെറ്റുപറ്റിപ്പോയി. ഇത് സൗന്ദര്യം കൂട്ടുന്ന പ്രശ്നമല്ല. സൗന്ദര്യവുമായി ബന്ധപ്പെട്ട നമ്മുടെ കാഴ്ചപ്പാടാണത്. ഞാൻ മനസ്സിലാക്കിയിടത്തോളം കേരളത്തിലെ 25,000 ത്തോളം വരുന്ന യുവതീയുവാക്കൾ ഇതുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്കറിയാം ഫാഷൻ ടെക്നോളജിയും ബ്യൂട്ടി ടെക്നോളജിയും യൂണിവേഴ്സിറ്റിയുടെതന്നെ ഒരു പഠനവിഷയമാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം കേരള സർവ്വകലാശാല ഇത്തരമൊരു വിഷയം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കേരളത്തിൽ ജീവിക്കുന്ന യുവതീയുവാക്കളായ 10,000 മുതൽ 25,000 വരെയുള്ളവരുടെ തൊഴിലില്ലായ്മപ്രശ്നം അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ബാർബർമാർ ഈ രംഗത്ത് വളരെയധികമുണ്ട്. മുടി വെട്ടുക എന്നുപറയുന്നത് ഒരു കലയാണ്. അതെല്ലാവർക്കും ചെയ്യാൻ കഴിയില്ല. അതിന് ഒരു മനുഷ്യനെ ഏറ്റവും വിരൂപമാക്കാനും ഏറ്റവും സുന്ദരമാക്കാനും കഴിയും. നമ്മുടെ പല സ്നേഹിതൻമാരും വെളുപ്പ് കറുപ്പാക്കുന്ന ഒരു കാലഘട്ടമാണിത്.

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ</u> : സർ, വളരെ ന്യായമായിട്ടുള്ള ഒരു കാര്യം ചോദിക്കാനാണിത്. ബ്യൂട്ടിപാർലർ തൊഴിലാളികൾക്കുവേണ്ടി ഈ ബിൽ അവതരിപ്പിക്കുമ്പോൾ അതിനെ പുച്ഛത്തോടുകൂടി നോക്കിക്കാണുന്ന ആളുകളോട് അങ്ങ് ദയവായി ഒന്ന് ചോദിക്കണം. അൺഎയ്ഡഡ് സ്കൂളുകളെ പുച്ഛിച്ചുകൊണ്ട് മക്കളെ അങ്ങോട്ടു പറഞ്ഞയയ്ക്കുന്ന ആ മനോഭാവത്തിന്റെ മനഃശാസ്ത്രമില്ലേ അതുതന്നെയാണ് ബ്യൂട്ടിപാർലറിലെ പാവപ്പെട്ട തൊഴിലാളികൾ സ്വയംതൊഴിൽ കണ്ടെത്താൻവേണ്ടി എന്തെങ്കിലുമൊരു കോപ്പുകൂട്ടുമ്പോൾ പറയുന്നത്. കല്യാണം മുതൽ ഇങ്ങോട്ടുള്ള സകലമാന ആവശ്യങ്ങൾക്കും ഇങ്ങേയറ്റം മുടി കറുപ്പിക്കാൻവരെ ആ ബ്യൂട്ടിപാർലറിൽ പോയിട്ട് അതുചെയ്തുകൊടുക്കുന്ന തൊഴിലാളികൾക്ക് അൽപ്പം ആനുകൂല്യമുണ്ടാക്കുന്ന ഒരു ബിൽ അവതരിപ്പിക്കുന്നതിലാണ് പരിഹാസം പുറപ്പെടുവിക്കുന്നതെന്ന് അങ്ങേയ്ക്കറിയുമോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, അതുതന്നെയാണ് ഞാനിവിടെ സൂചിപ്പിച്ചത്. നമ്മുടെ നാട്ടിലെ കല്യാണങ്ങൾക്കൊക്കെ ഇന്ന് വളരെ പാവപ്പെട്ട കൊച്ചുകുട്ടികൾ, ഇതുമായി ബന്ധപ്പെട്ടുനിൽക്കുന്ന ആളുകൾ പോയി സഹായിച്ചുകൊടുക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. .....(ബഹളം) .....

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, ബ്യൂട്ടി പാർലറിൽ സൗന്ദര്യവർദ്ധനവു മാത്രമല്ല, ശാരീരികമായി പല തരത്തിലുള്ള ട്രെയിനിംഗുകൾ, എക്സർസൈസുകൾ, അതുപോലെ യോഗ ചികിത്സ തുടങ്ങി പല നിലയിലുള്ള സൗകര്യങ്ങൾ ഇന്ന് പല ട്രെയിനിംഗ് സെന്ററുകളിലുമുണ്ട്. ഞങ്ങൾ സ്പോർട്സ് ബില്ലിന്റെ സെലക്ടുകമ്മിറ്റിയുടെ ഭാഗമായി ഗ്വാളിയാർ ലക്ഷ്മീഭായി ഇൻസ്റ്റി

LIBRARY ARCHIVES Kerala Legislative Assembly

റ്റ്യൂട്ടിൽ പോയപ്പോൾ അവിടെനിന്നും ഞങ്ങൾ മനസ്സിലാക്കിയത് നമ്മുടെ ശാരീരികമായ പല അസുഖങ്ങളും കുറയ്ക്കാനും നമ്മുടെ ബോഡി വേണ്ട പോലെ കീപ്പ് ചെയ്തുകൊണ്ടുപോകാനും കഴിയുന്നവിധത്തിലുള്ള നല്ല ട്രെയിനിംഗുകളുണ്ടെന്നാണ്. ഇത്തരം ട്രെയിനിംഗുകൾ പല സെന്ററുകളിലും നടക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.സി. വേണുഗോപാൽ : ഉണ്ട്. നമ്മുടെ ചർമ്മ സംരക്ഷണത്തിനുവേണ്ടി ആയുർവേദത്തിൽ പല ട്രീറ്റുമെന്റുകളും ഇന്നുണ്ട്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, അങ്ങനെയുള്ള സെന്ററുകളിൽ പോയി ഇതുപോലുള്ള കാര്യങ്ങൾക്ക് വിധേയമാകുന്നതുകൊണ്ടാണോ അങ്ങയുടെ ആരോഗ്യവും സൗന്ദര്യവും ഇതുപോലെ നിലനിൽക്കുന്നത്?

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഞാനിത് വളരെ ഗൗരവമായി ഉന്നയിക്കുന്നതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെതന്നെ നമ്മുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കുന്ന രീതിയിൽ ഈ രംഗത്തുള്ള വളർച്ച വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഞാനവരുടെ ഒരു സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. അതിന്റെ പ്രസിഡന്റ് ആര്യനാട് മോഹൻ എന്ന ചെറുപ്പക്കാരനാണ്. അദ്ദേഹം ബഹുമാന്യനായ സഖാവ് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ മുടി വെട്ടിയെടുത്ത് സൂക്ഷിച്ചുവച്ചിരിക്കുകയാണ്. ഒരു വലിയ നിധിപോലെ അത് കാത്തുസൂക്ഷിക്കുകയാണ്. അങ്ങനെ വളരെ വർഷങ്ങളായി മുടി വെട്ടിക്കൊണ്ടിരിക്കുന്ന ഒരാളാണ് തിരുവനന്തപുരത്തെ ആര്യനാട് മോഹൻ. അദ്ദേഹം ഇതിനെക്കുറിച്ച് ഒരു റിസർച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. ഹാഷൻ ടെക്നോളജിയും ബ്യൂട്ടി ടെക്നോളജിയും സർവ്വകലാശാലയുമായി ബന്ധപ്പെട്ട വിഷയങ്ങളാക്കണമെന്നതിനെക്കുറിച്ച് ഒരു ഗവേഷണം നടത്താനുള്ള തയ്യാറെടുപ്പിലാണ്. എനിക്കിതിന് പ്രചോദനം നൽകുന്നതിന് അദ്ദേഹം പങ്കുവഹിച്ചിരുന്നു എന്ന കാര്യം ഞാനിവിടെ സമ്മതിക്കുകയാണ്. അതുകൊണ്ട് ഞാൻ പറയാൻ ആഗ്രഹിക്കുന്നത് നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത ഇത്തരം ചെറുപ്പക്കാർക്ക് ഒരത്താണിയാകാൻ, ആശ്രയ കേന്ദ്രമാകാൻ ഇത്തരം ചെറുകിട തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. അത് നാടിന് ഗുണകരമായിരിക്കുമെന്നുള്ളതുകൊണ്ട് ഈ ബിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം ചർച്ച തുടരാം. (ചർച്ച തുടരും)

(5) 1999-ലെ കേരള മാനസികാരോഗ്യ (പരിപാലന) ബിൽ

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, 1999-ലെ കേരള മാനസികാരോഗ്യ പരിപാലന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

ശ്രീ. ജോസ് ബേബി : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, കേരള സംസ്ഥാനത്തെ മാനസികാരോഗ്യ വൈകല്യമുള്ളവരെ പരിരക്ഷിക്കുന്നതിനാവശ്യമായ ഒരു നയം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ആ നയം ഈ സഭയിൽ വയ്ക്കുന്നതിനുവേണ്ടി അങ്ങയുടെ അനുവാദം ചോദിച്ചി

† അനുബന്ധം - IX

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - VIII

പത്താം കേരള നിയമസഭ

ബിൽ നമ്പർ - 204

1998-ലെ കേരള ബ്യൂട്ടിപാർലർ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. കെ. സി. വേണുഗോപാൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

LIBRARY ARCHIVES Kerala Legislative Assembly

1998-ലെ കേരള ബ്യൂട്ടിപാർലർ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. കെ. സി. വേണുഗോപാൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാന ബ്യൂട്ടിപാർലർ തൊഴിലാളികളുടെ ക്ഷേമത്തിനും അതിനോടനുബന്ധമായ കാര്യങ്ങൾക്കുവേണ്ടിയും ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള ഒരു ബിൽ

പീഠിക.- കേരള സംസ്ഥാനത്ത് ബ്യൂട്ടിപാർലറുകളിൽ തൊഴിൽ ചെയ്യുന്നവരുടെ ക്ഷേമം വളർത്തുന്നതിനും അതിനോടനുബന്ധമായ ചില കാര്യങ്ങൾക്കുവേണ്ടിയും നിയമം നിർമ്മിക്കേണ്ടത് ആവശ്യമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ നാല്പത്തി ഒൻപതാം സംവത്സരത്തിൽ താഴെ കാണും പ്രകാരം നിയമം നിർമ്മിക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.-(1) ഈ ആക്ടിന് 1998-ലെ കേരള ബ്യൂട്ടി പാർലർ തൊഴിലാളി ക്ഷേമനിധി ബിൽ എന്നു പേരു പറയാവുന്നതാണ്.

(2) ഇതിന് കേരള സംസ്ഥാനം ഒട്ടുക്കും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.- ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,-

(അ) 'ബോർഡ്' എന്നാൽ 7-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡ് എന്നർത്ഥമാകുന്നു;

(ആ) 'മാസവരി' എന്നാൽ ഓരോ അംഗവും പ്രതിമാസം നിധിയിലേയ്ക്കടയ്ക്കേണ്ട തുക എന്നർത്ഥമാകുന്നു.

(ഇ) 'നിധി' എന്നാൽ 4-ാം വകുപ്പനുസരിച്ച് ഉണ്ടാക്കിയ ബ്യൂട്ടി പാർലർ തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു.

(ഈ) 'അംഗം' എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു.

(ഉ) 'പദ്ധതി' എന്നാൽ ഈ ആക്ടനുസരിച്ച് നിർമ്മിച്ചിട്ടുള്ള ബ്യൂട്ടി പാർലർ തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു.

(ഊ) 'പട്ടിക' എന്നാൽ ഈ ആക്ടിനോടനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു.

3. ബ്യൂട്ടിപാർലർ തൊഴിലാളി ക്ഷേമനിധി പദ്ധതി.- (1) ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് കേരള സംസ്ഥാന ബ്യൂട്ടിപാർലർ തൊഴിലാളി ക്ഷേമനിധിയെന്ന പേരിൽ ഒരു നിധി സ്ഥാപിച്ച് ഭരണം നടത്തുന്നതിനായി ഗസറ്റിൽ പരസ്യപ്പെടുത്തിയ വിജ്ഞാപനം വഴി ഗവൺമെന്റിന് 'കേരള സംസ്ഥാന ബ്യൂട്ടിപാർലർ തൊഴിലാളി ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകാവുന്നതും പദ്ധതി ഉണ്ടാക്കിയശേഷം ആവുന്നത്ര കാലേകൂട്ടി ഈ ആക്ടിലേയും പദ്ധതിയിലേയും വ്യവസ്ഥ പ്രകാരം ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) നിധിയുടെ കണക്കിലേക്ക്:-

(അ) 4-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള മാസവരി തുകയും ഗവണ്മെന്റ് നൽകുന്ന സംഭാവനയും;

(ആ) കേന്ദ്ര ഗവൺമെന്റോ ഏതെങ്കിലും സംസ്ഥാന ഗവൺമെന്റോ സംഘടനയോ വ്യക്തിയോ നിധിയിലേക്ക് സഹായമായോ വായ്പയായോ സംഭാവനയായോ നൽകുന്ന ഏതൊരു തുകയും;

(ഇ) നിധിയുടെ ആവശ്യത്തിലേക്കായി ബോർഡ് ആരിൽ നിന്നെങ്കിലും ഏതെങ്കിലും വിധത്തിൽ ശേഖരിക്കുന്ന തുകയും;

വരവ് വയ്ക്കേണ്ടതാണ്.

(3) നിധി ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണം നടത്തേണ്ടതുമാണ്.

(4) ഫണ്ട് ഈ ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലുമാവശ്യത്തിനോ അഥവാ എല്ലാ ആവശ്യങ്ങൾക്കും വേണ്ടിയോ ഉപയോഗിക്കാവുന്നതാകുന്നു, അതായത്:-

(അ) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്വന്തമായി ബ്യൂട്ടി പാർലർ തുടങ്ങുന്നതിനായി;

(ആ) സ്ഥിരമോ താൽക്കാലികമോ ആയ അവശതയനുഭവിക്കുന്ന അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടി ;

(ഇ) അംഗങ്ങളുടെ രോഗാവസ്ഥയിലോ മരണത്തെ തുടർന്നുള്ള അപരക്രിയകൾക്കോ വായ്പയോ സാമ്പത്തികസഹായമോ നൽകുന്നതിനുവേണ്ടി ;

(ഈ) പുതിയ വീട് വയ്ക്കുന്നതിനോ വീട് പുതുക്കിപ്പണിയുന്നതിനോ ഫ്ളാറ്റ് വാങ്ങുന്നതിനോ വീടോടുകൂടിയോ അല്ലാതെയോ ഭൂമി വാങ്ങുന്നതിനോ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടി;

(ഉ) തൊഴിലിൽനിന്നു പിരിഞ്ഞുപോവുകയോ തൊഴിൽ അവസാനിപ്പിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് വാർദ്ധക്യകാല പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുന്നതിനുവേണ്ടി;

(ഊ) അംഗങ്ങളുടെ കുട്ടികളുടെ വിവാഹത്തിനോ ആശ്രിതരുടെ രോഗചികിത്സയ്ക്കോ അപരക്രിയകൾക്കോ മറ്റേതെങ്കിലും അപ്രതീക്ഷിതമായ ആവശ്യങ്ങൾക്കോ വായ്പയോ സാമ്പത്തിക സഹായമോ നൽകുന്നതിനുവേണ്ടി ;

(ഋ) അംഗങ്ങളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും,-

(1) വിദ്യാഭ്യാസത്തിനും സാങ്കേതിക പരിശീലനത്തിനും മറ്റേതെങ്കിലും തൊഴിൽ ലഭിക്കുന്നതിനും വേണ്ടിയും ;

(2) കായിക-കലാ വിനോദങ്ങൾക്ക് സൗകര്യമുണ്ടാകുന്നതിനുവേണ്ടിയും;

(3) കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുവേണ്ട ഏർപ്പാടുകൾ ഉണ്ടാകുന്നതിനുവേണ്ടിയും;

LIBRARY ARCHIVES Kerala Legislative Assembly

(4) വിജ്ഞാനപോഷണത്തിന് വായനശാലകളും ഗ്രന്ഥാലയങ്ങളും സാമൂഹ്യ വിദ്യാഭ്യാസ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുവേണ്ടിയും;

(5) ഈ ആക്ട് പ്രകാരം രൂപം നൽകുന്ന പദ്ധതിയനുസരിച്ചുള്ള മറ്റേതെങ്കിലും പരിപാടി നടപ്പാക്കുന്നതിനുവേണ്ടിയും; ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(6) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി (1)-ാം ഉപവകുപ്പു പ്രകാരം രൂപം നൽകിയ പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാക്കാര്യങ്ങളേയുമോ ഏതെങ്കിലും കാര്യത്തേയോ പറ്റി വ്യവസ്ഥയുണ്ടാക്കാവുന്നതാകുന്നു.

4. നിധിയിലേക്കുള്ള മാസവരിയും സംഭാവനയും.-

(ക) ബ്യൂട്ടി പാർലർകളിൽ തൊഴിൽ ചെയ്യുന്ന ഓരോ അംഗവും അയാൾക്ക് ഒരു ദിവസം കിട്ടുന്ന വേതനത്തിന്റെ പത്തു ശതമാനത്തിനു തുല്യമായ തുക മാസവരിയായും;

(ഖ) ഓരോ സാമ്പത്തികവർഷവും അവസാനിപ്പിച്ച് മൂന്നു മാസത്തിനുള്ളിൽ പ്രസ്തുത സാമ്പത്തിക വർഷം ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ലഭിക്കുന്ന മാസവരിയുടെ പത്തു ശതമാനത്തിന് തുല്യമായ തുക ഗവൺമെന്റ് നിധിയിലേക്ക് അടയ്ക്കേണ്ടതാണ്.

5. തുക അംഗങ്ങളുടെ കണക്കിൽ വരവു വയ്ക്കണമെന്ന്.-

ഓരോ അംഗവും നിധിയിലേക്കടയ്ക്കുന്ന തുക ആ അംഗത്തിന്റെ കണക്കിൽ ചേർക്കേണ്ടതും ഓരോ അംഗത്തിനും പദ്ധതി മുഖേന നിർണ്ണയിക്കുന്ന തത്വങ്ങൾക്കനുസൃതമായി അവരവരുടെ കണക്കിൽ ചേർക്കുന്ന തുകയ്ക്ക് അവകാശവും അർഹതയുമുണ്ടായിരിക്കുന്നതുമാണ്.

6. പദ്ധതിയുടെ ഭേദഗതി ചെയ്യൽ- ഗവൺമെന്റിന് ഗസറ്റിൽപ്പെടുത്തിയ വിജ്ഞാപനം മുഖേന പദ്ധതിയോട് എന്തെങ്കിലും വ്യവസ്ഥകൾ കൂട്ടിച്ചേർക്കുകയോ പദ്ധതി ഭേദഗതി ചെയ്യുകയോ അതിനു മാറ്റം വരുത്തുകയോ ചെയ്യാവുന്നതാകുന്നു.

7. ബോർഡിന്റെ രൂപീകരണം-(1) നിധിയുടെ ഭരണം നിർവ്വഹിക്കുന്നതിനും നിധിയിൽനിന്ന് സാമ്പത്തികസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഗവൺമെന്റിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം മുഖേന 'കേരള സംസ്ഥാന ബ്യൂട്ടിപാർലർ തൊഴിലാളി ക്ഷേമനിധിബോർഡ്' എന്ന പേരിൽ പ്രസ്തുത വിജ്ഞാപനത്തിൽ പറയുന്ന തീയതി മുതൽ നിലവിൽ വരത്തക്ക വിധത്തിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് നിയമാനുസൃതം സംഘടിപ്പിക്കപ്പെട്ട ഒരു നൈയാമിക സ്ഥാപനമായിരിക്കുന്നതും അതിന് ശാശ്വത പിൻതുടർച്ചയും ഒരു പൊതുമുദ്രയും ഉണ്ടായിരിക്കുന്നതും പ്രസ്തുത പേരിൽ ബോർഡിനോ ബോർഡിനെതിരായോ വ്യവഹാരം നടത്താവുന്നതുമാകുന്നു.

(3) ബോർഡിൽ ഈ ഉപവകുപ്പിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്; അതായത്:-

(അ) തൊഴിൽ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത പദവി വഹിക്കുന്ന ഒരു ഉദ്യോഗസ്ഥൻ

LIBRARY ARCHIVES Kerala Legislative Assembly

(ആ) ധനകാര്യവകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത പദവി വഹിക്കുന്ന ഒരു ഉദ്യോഗസ്ഥൻ.

(ഇ) ആരോഗ്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത പദവി വഹിക്കുന്ന ഒരു ഉദ്യോഗസ്ഥൻ.

(ഈ) തൊഴിലാളി പ്രതിനിധികളായി ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന വനിതകളുൾപ്പെടെ പത്ത് അനൗദ്യോഗികാംഗങ്ങൾ.

(ഉ) ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന മറ്റ് നാലുപേർ (ഇതിൽ രണ്ടു പേർ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡംഗങ്ങളുടെ ഉദ്യോഗം വഹിക്കുന്നവരായിരിക്കണം.)

(4) ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം വഴി തൊഴിലാളി പ്രതിനിധികളിൽ ഒരാളെ ബോർഡിന്റെ അദ്ധ്യക്ഷനായി ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(5) പദ്ധതിയിൽ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ബോർഡ് നിധിയുടെ ഭരണം നിർവ്വഹിക്കേണ്ടതാണ്.

(6) ഗവൺമെന്റ് നിർണ്ണയിച്ചേക്കാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി അതിന്റെ ഏതെങ്കിലും അധികാരം അദ്ധ്യക്ഷനെയോ കാര്യനിർവാഹകനെയോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

8. ബോർഡിന് വായ്പകളും സംഭാവനകളും വാങ്ങുവാനുള്ള അധികാരമുണ്ടെന്ന്-(1) ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും ഗവൺമെന്റ് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും ബോർഡിന് ഈ ആക്ടിലെയോ പദ്ധതിയിലെയോ കാര്യങ്ങൾക്കുവേണ്ടി വായ്പ വാങ്ങാവുന്നതാണ്.

(2) ഈ ആക്ടിലെയോ പദ്ധതിയിലെയോ കാര്യങ്ങൾ നടത്തുന്നതിനായി ആരിൽനിന്നും സംഭാവന സ്വീകരിക്കുവാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്;

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം സ്വീകരിക്കുന്ന സംഭാവനയുടെ വിവരം അതു സ്വീകരിച്ച് ഏഴു ദിവസത്തിനുള്ളിൽ ഗവൺമെന്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

ഈ ഉപവകുപ്പ് പ്രകാരം സ്വീകരിക്കുന്ന സംഭാവന തുക ആ സംഭാവന തന്നയാൾ നിർദ്ദേശിക്കുന്ന കാര്യത്തിന് അയാൾ ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ള പ്രകാരം വിനിയോഗിക്കേണ്ടതും ആകുന്നു.

9. ബോർഡംഗങ്ങളുടെ ഉദ്യോഗ കാലാവധി.- (1) 7-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിന്റെ (ഈ) ഖണ്ഡമനുസരിച്ച് നാമനിർദ്ദേശം ചെയ്യപ്പെടുന്നവരും (ള) ഖണ്ഡമനുസരിച്ച് നാമനിർദ്ദേശം ചെയ്യപ്പെടുന്നവരിൽ അനൗദ്യോഗികാംഗങ്ങൾ ഉണ്ടെങ്കിൽ അവരും നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ഉദ്യോഗത്തിൽ തുടരുന്നതും അവർക്ക് വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹത ഉണ്ടായിരിക്കുന്നതുമാണ്.

(2) നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരു ബോർഡംഗത്തിനും രേഖാമൂലം ഗവൺമെന്റിന് നോട്ടീസ് നൽകിക്കൊണ്ട് എപ്പോൾ വേണമെങ്കിലും, ബോർഡിൽനിന്ന് രാജിവയ്ക്കാവുന്നതും എന്നാൽ പ്രസ്തുത രാജി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് അംഗീകരിക്കുന്നതുവരെ പ്രസ്തുത ഡയറക്ടർ ബോർഡംഗം ബോർഡിൽ തുടരേണ്ടതുമാണ്.

(3) 7-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിന്റെ (അ) മുതൽ (ഊ) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള ഔദ്യോഗികാംഗങ്ങളെ ഒരിക്കൽ നാമനിർദ്ദേശം ചെയ്താൽ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യപ്പെടുന്നതുവരെ ബോർഡംഗമായി തുടരുന്നതാണ്.

10. അനൗദ്യോഗികാംഗങ്ങളുടെ നീക്കംചെയ്യൽ - (1)(അ) ബോർഡിന്റെ അംഗീകാരം കൂടാതെ ഒരു ബോർഡ് അംഗം മൂന്ന് മാസം തുടർച്ചയായി ബോർഡുയോഗങ്ങളിൽ പങ്കെടുക്കാതിരുന്നാലോ;

(ആ) ഗവൺമെന്റിന്റെ അഭിപ്രായത്തിൽ ഒരു ബോർഡംഗം ആ സ്ഥാനം വഹിക്കുന്നതിനനുയോജ്യനല്ലെന്നോ അദ്ദേഹത്തിന്റെ സ്ഥാനം ദുർവിനിയോഗം ചെയ്തതുമൂലം ബോർഡിൽ തുടരുന്നത് പൊതുതാൽപ്പര്യത്തിനനുഗുണമല്ലെന്നോ ഗവൺമെന്റിന് തോന്നുന്ന സംഗതിയിലോ;

ഗവൺമെന്റിന് ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം മുഖേന ബോർഡിലെ ഒരു അനൗദ്യോഗികാംഗത്തെ നീക്കം ചെയ്യാവുന്നതാണ്.

എന്നാൽ ഈ ഉപവകുപ്പിന്റെ (അ) ഖണ്ഡപ്രകാരം ഒരാളെ നീക്കം ചെയ്തുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് അയാളുടെ അസാന്നിദ്ധ്യം ബോർഡിന് മാപ്പാക്കാവുന്നതാണ്.

എന്നാൽ ഈ ഉപവകുപ്പിന്റെ (ആ) ഖണ്ഡപ്രകാരം ഒരാളെ നീക്കം ചെയ്യുന്നതിനു മുമ്പ് അപ്രകാരം ചെയ്യാതിരിക്കുന്നതിനുവേണ്ടിയുള്ള കാരണം കാണിക്കുവാനുള്ള ന്യായമായ സമയം അദ്ദേഹത്തിന് അനുവദിക്കേണ്ടതാണ്.

(2) ഗവൺമെന്റിൽനിന്നും മറ്റു വിധത്തിൽ ഉത്തരവാകാത്തപക്ഷം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ടയാൾക്ക്, അപ്രകാരം നീക്കം ചെയ്യപ്പെടുന്ന തീയതി മുതൽ മൂന്നു വർഷത്തേക്ക് വീണ്ടും ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുവാൻ അർഹതയുണ്ടായിരുന്നതല്ല.

11. <u>ഉദ്യോഗസ്ഥൻമാരുടെ നിയമനം</u> -ഗവൺമെന്റിന്റെ കാലേകൂട്ടിയുള്ള അംഗീകാരത്തോടുകൂടി നിധിയുടെ പ്രവർത്തനത്തിന് ആവശ്യമെന്ന് ബോർഡിന് തോന്നുന്നത്ര ഉദ്യോഗസ്ഥൻമാരെ പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച് ബോർഡിന് നിയമിക്കാവുന്നതാണ്.

(2) (3)-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ബോർഡിലേക്ക് നടത്തുന്ന നേരിട്ടുള്ള നിയമനങ്ങളിൽ കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ 13 മുതൽ 17 വരെ ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്.

(3) ബോർഡിലേക്ക് നടത്തുന്ന നേരിട്ടുള്ള നിയമനങ്ങളുടെ പതിനഞ്ച് ശതമാനത്തിലധികമല്ലാത്ത സ്ഥാനങ്ങളിലേക്ക് സ്വയം തൊഴിലേർപ്പെട്ടിരിക്കുന്നവരുടേയും ആശ്രിതരിൽനിന്നു നിയമനം നടത്തേണ്ടതും ഈ വകുപ്പിന്റെ (2)-ാം ഉപവകുപ്പു പ്രകാരം നടത്തുന്ന നിയമനങ്ങൾക്കും ഈ ഉപവകുപ്പു പ്രകാരം നടത്തുന്ന നിയമനങ്ങൾക്കും കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ 13 മുതൽ 17 വരെയുള്ള ചട്ടങ്ങൾ പൊതുവായി പ്രയോഗിക്കേണ്ടതും ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(4) ബോർഡിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും അലവൻസുകളും മറ്റു സേവന വ്യവസ്ഥകളും ഗവൺമെന്റിന്റെ കാലേകൂട്ടിയുള്ള അംഗീകാരത്തോടെ ബോർഡ് തീരുമാനിക്കുന്ന പ്രകാരമായിരിക്കും.

12. മാസവരി നൽകുന്നത് സംബന്ധിച്ച തീർച്ചചെയ്യൽ. -(1) ബോർഡ് തീരുമാനിക്കുന്ന പദവിയിൽ കുറയാത്ത പദവിയുള്ളതും ബോർഡ് ഇക്കാര്യത്തിൽ അധികാരപ്പെടുത്തിയതുമായ ബോർഡിന്റെ ഒരു ഉദ്യോഗസ്ഥൻ അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന അന്വേഷണങ്ങൾ നടത്തിയശേഷവും 4-ാം വകുപ്പനുസരിച്ച് മാസവരി കൊടുക്കേണ്ടതായ ഓരോ ആളിനും അയാൾക്ക് പറയാനുള്ളത് കേൾക്കുന്നതിന് ന്യായമായ സമയം അനുവദിച്ചശേഷവും ഒരുത്തരവു മുഖേന അപ്രകാരമുള്ളയാളിൽ നിന്നും കിട്ടേണ്ടതായ തുക എത്രയെന്ന് തീർച്ച ചെയ്യാവുന്നതാണ്.

(2) തുടർന്നു പറയുന്ന സംഗതികളെ സംബന്ധിച്ചിടത്തോളം സിവിൽ നടപടി നിയമപ്രകാരം കേസ് കേൾക്കുന്ന ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഈ വകുപ്പിന്റെ (1)-ാം ഉപവകുപ്പനുസരിച്ച് അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് അപ്രകാരമുള്ള അന്വേഷണം നടത്തുമ്പോൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(അ) ഏതെങ്കിലുമാളിനെ സത്യവാചകം ചൊല്ലിച്ച് വിസ്തരിക്കുന്നതിനുവേണ്ടി അയാളെ ബലം പ്രയോഗിച്ച് ഹാജരാക്കിക്കുന്നതിനും,

(ആ) രേഖകൾ കണ്ടെടുക്കുന്നതിനും ഹാജരാക്കിക്കുന്നതിനും,

(ഇ) സത്യവാങ്മൂലം വഴി തെളിവും സ്വീകരിക്കുന്നതിനും,

(ഈ) സാക്ഷി വിസ്താരത്തിന് കമ്മീഷൻ പുറപ്പെടുവിക്കുന്നതിനും

(3) ഈ വകുപ്പനുസരിച്ചുള്ള ഏതന്വേഷണവും 1860-ലെ ഇൻഡ്യൻ കുറ്റ നിയമത്തിലെ 193, 228, 196 എന്നീ വകുപ്പുകളുടെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു കോടതി നടപടിയായി കണക്കാക്കപ്പെടേണ്ടതാണ്.

(4) ഒന്നാം ഉപവകുപ്പനുസരിച്ചുള്ള ഒരുത്തരവിൽ ക്ലേശമുള്ള ഏതൊരാൾക്കും ഉത്തരവ് കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം ബോർഡിനോ ബോർഡ് ഇക്കാര്യത്തിനുവേണ്ടി പ്രത്യേകം നിയോഗിക്കുന്ന ഉദ്യോഗസ്ഥനോ അപ്പീൽ കൊടുക്കാവുന്നതും അതതു സംഗതിപോലെ ബോർഡോ പ്രസ്തുത ഉദ്യോഗസ്ഥനോ ആവശ്യമായ അന്വേഷണം നടത്തിയശേഷം യുക്തമായ ഉത്തരവ് പാസ്സാക്കാവുന്നതുമാകുന്നു.

13. മാസവരി താത്ക്കാലികമായി നിർണ്ണയിക്കാമെന്നും തുക മുൻകൂർ അടയ്ക്കണമെന്നും.-(1) 12-ാം വകുപ്പനുസരിച്ച് ഒരാൾ നൽകേണ്ട തുക തീർച്ച ചെയ്യാത്തതിനു നടപടി നടന്നുകൊണ്ടിരിക്കുമ്പോൾ 4-ാം വകുപ്പിന്റെ (ക), (ഖ) എന്നീ ഉപവകുപ്പുകളനുസരിച്ച് മാസവരി കൊടുക്കേണ്ട ഓരോ തൊഴിലാളിയും മൂല്യത്തിന്റെ അഞ്ചു ശതമാനത്തിന് തുല്യമായ തുകയും, അയാൾക്കു കോർപ്പറേഷനിൽ നിന്നു കിട്ടുന്ന പ്രതിഫലത്തിന്റെ അഞ്ചു ശതമാനത്തിനു തുല്യമായ തുകയും 4-ാം വകുപ്പിന്റെ (ഗ), (ഘ) എന്നീ ഉപവകുപ്പനുസരിച്ച് മാസവരി കൊടുക്കേണ്ടയാളുകൾ അഞ്ചു രൂപാ വീതവും മുൻകൂറായി നിധിയിൽ അടയ്ക്കേണ്ടതാണ്.

(2) ഒരു മാസത്തേക്ക് ഒരാൾ മുൻകൂർ കൊടുക്കേണ്ടതായ തുക ആ മാസത്തിലെ 10-ാം തീയതിക്ക് മുമ്പായി നിധിയിൽ അടയ്ക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) മുൻകൂർ കൊടുക്കേണ്ട തുക അത് ചെല്ലേണ്ട തീയതിക്കോ അതിനു മുൻപോ കൊടുക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കുടിശ്ശിക തുക കാണിച്ചുകൊണ്ടുള്ള നോട്ടീസ് ബന്ധപ്പെട്ടയാൾക്ക് നൽകേണ്ടതും നോട്ടീസു കിട്ടി പതിനഞ്ചു ദിവസത്തിനുള്ളിൽ തുകയടയ്ക്കാത്ത പക്ഷം പ്രസ്തുത തുക ഭൂനികുതിയിൻമേലുള്ള കുടിശ്ശികയാണെന്നു കണക്കാക്കി തത്സമയം നിലവിലുള്ള നികുതിയീടാക്കാൻ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഈടാക്കാവുന്നതുമാകുന്നു.

(4) ഈ വകുപ്പനുസരിച്ച് ഒരു വർഷത്തേക്ക് കൊടുക്കുന്ന തുക 12-ാം വകുപ്പനുസരിച്ച് നിർണ്ണയിക്കുന്ന തുകയിൽ തട്ടിക്കഴിക്കേണ്ടതാണ്.

14. ഈ ആക്ടിനനുസരിച്ച് ലഭിക്കേണ്ട തുക ഈടാക്കുന്ന രീതി.- ഈ ആക്ടോ ഇതനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള പദ്ധതിയോ പ്രകാരം ആരിൽ നിന്നെങ്കിലും എന്തെങ്കിലും തുക കിട്ടാനുള്ള പക്ഷം അത് ഭൂനികുതി കുടിശ്ശികയെന്നപോലെ തത്സമയം പ്രാബല്യത്തിലുള്ള നികുതിയീടാക്കൽ ആക്ടിലെ വ്യവസ്ഥയനുസരിച്ച് ഈടാക്കാവുന്നതാണ്.

15. ജപ്തി ചെയ്യാൻ പാടില്ലെന്ന്-(1) ഏതെങ്കിലുമൊരംഗത്തിന്റെ പേരിൽ നിധിയിലുള്ള തുക മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്യാനോ അംഗം വരുത്തിവച്ചിട്ടുള്ള ഏതെങ്കിലും കടത്തിന്റെയോ ബാദ്ധ്യതയുടേയോ പേരിൽ ഏതെങ്കിലും കോടതിയുടെ ഉത്തരവോ വിധിയോ മുഖേന ജപ്തി ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

(2) ഏതെങ്കിലും അംഗത്തിന്റെ മരണസമയത്ത് അയാളുടെ പേരിൽ നിധിയിൽ നിലവിലുള്ളതും പദ്ധതിയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കിഴിവുകൾക്കു വിധേയമായി അയാൾ നാമനിർദ്ദേശം ചെയ്തിട്ടുള്ള ആളിനു കൊടുക്കേണ്ടതുമായ ഏതെങ്കിലും തുക മരിച്ചുപോയ ആളോ നാമനിർദ്ദേശം ചെയ്യപ്പെട്ട ആളോ വരുത്തിവച്ച ഏതെങ്കിലും കടത്തിൽ നിന്നോ ബാദ്ധ്യതകളിൽ നിന്നോ ഒഴിവായിരിക്കുന്നതുമാണ്.

16. പിഴ.-(1) ഈ ആക്ടോ അതിൻപ്രകാരമുള്ള പദ്ധതിയോ അനുസരിച്ച് നിധിയിലേക്കു കൊടുക്കാനുള്ള തുകയിൽനിന്ന് സ്വയമേവ ഒഴിവാകുന്നതിനോ മറ്റാരെയെങ്കിലും അപ്രകാരം ഒഴിവാക്കുന്നതിനുവേണ്ടി സഹായിക്കുകയോ ഏതെങ്കിലും വിധത്തിലുള്ള അസത്യ പ്രസ്താവനയോ നിവേദനമോ നടത്തുകയോ ചെയ്യുന്നയാളിന് മൂന്നുമാസം വരെയാകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ ആയിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ അഥവാ രണ്ടും കൂടിയുള്ള ശിക്ഷയോ നൽകാവുന്നതാണ്.

(2) ഈ ആക്ടിന്റെയോ സ്കീമിന്റെയോ ഏതെങ്കിലും വ്യവസ്ഥകളെ ആരെങ്കിലും ലംഘിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം അപ്രകാരം ചെയ്തതിന് ഈ ആക്ടോ സ്കീമോ അനുസരിച്ച് മറ്റൊരു പിഴയും അതിനുവേണ്ടി വ്യവസ്ഥ ചെയ്യാത്തപക്ഷം അങ്ങനെയുള്ളവർക്ക് മൂന്നുമാസംവരെയാകാവുന്ന തടവു ശിക്ഷയോ ആയിരം രൂപ വരെയാകാവുന്ന പിഴശിക്ഷയോ അഥവാ രണ്ടും കൂടിയുള്ള ശിക്ഷയോ നൽകാവുന്നതാണ്.

(3) ബോർഡിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ബോർഡ് ഇക്കാര്യത്തിനുവേണ്ടി നിയോഗിച്ചിട്ടുള്ള ബോർഡിലെ ഒരു ഉദ്യോഗസ്ഥന്റെ ഇതു സംബന്ധിച്ച് രേഖപ്പെടുത്തപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു കോടതിയും ഇതു സംബന്ധിച്ചുള്ള നിയമലംഘനത്തെ ഗൗനിച്ചു കൂടാത്തതാകുന്നു.

17. നഷ്ടമൂല്യം ഈടാക്കുന്നതിനുള്ള അധികാരം .- ഈ ആക്ടോ സ്കീമോ അനുസരിച്ച് നൽകേണ്ടതായ മാസവരിയോ സംഭാവനയോ ഏതെങ്കിലും ആൾ കൊടുക്കാതിരിക്കുന്ന പക്ഷം ബോർഡിന്റെ യുക്തം പോലെ കുടിശ്ശികയായിട്ടുള്ള തുകയുടെ ഇരുപത്തിയഞ്ചു ശതമാനത്തിൽ കവിയാത്ത തുക നഷ്ടമൂല്യമായി ഈടാക്കുന്നതിനുള്ള അധികാരം ബോർഡിനുണ്ടായിരിക്കുന്നതാണ്.

18. നിർദ്ദേശം നൽകാനുള്ള ഗവൺമെന്റിന്റെ അധികാരം .- (1) ബോർഡുമായി ആലോചിച്ചുകൊണ്ട് ബോർഡ് പിൻതുടരേണ്ടതായ പൊതുവായ നിർദ്ദേശങ്ങൾ നൽകുവാൻ ഗവൺമെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള സമ്മതം കൂടാതെ ഈ ആക്ടനുസരിച്ചുള്ള അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്ന കാര്യത്തിൽ (1)-ാം ഉപവകുപ്പ് പ്രകാരം ഗവൺമെന്റ് നൽകിയിട്ടുള്ള നിർദ്ദേശങ്ങളിൽ നിന്ന് യാതൊരുവിധ വ്യതിയാനവും ബോർഡ് വരുത്തി കൂടാത്തതാകുന്നു.

19. അന്വേഷണം ഉത്തരവാകാനുള്ള അധികാരം- (1) ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി ഏതു സമയത്തുവേണമെങ്കിലും ഒരാളിനെ ഗവൺമെന്റിന് നിയമിക്കാവുന്നതും ഒരു റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതും ആകുന്നു.

(2) ഇപ്രകാരം നിയമിക്കപ്പെട്ടയാളിന് ബോർഡ് അന്വേഷണത്തിനായുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്.

20. ബോർഡിനെ പിരിച്ചുവിടാനുള്ള അധികാരം.-(1) 20-ാം വകുപ്പനുസരിച്ച് സമർപ്പിക്കപ്പെട്ട റിപ്പോർട്ട് പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലോ അല്ലാതെയോ ഈ ആക്ടോ സ്കീമോ അനുസരിച്ച് നിർവഹിക്കേണ്ട കർത്തവ്യങ്ങളിൽ ബോർഡ് തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അതിന്റെ അധികാരങ്ങളെ അതിലംഘിച്ചെന്നോ ദുരുപയോഗം ചെയ്തെന്നോ ഗവൺമെന്റിന് തോന്നുന്നപക്ഷം ആറുമാസത്തിലധികമല്ലാത്ത കാലത്തേക്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം മുഖേന ബോർഡിനെ പിരിച്ചുവിടുവാൻ ഗവൺമെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഈ വകുപ്പു പ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുൻപ് ബോർഡിനെ പിരിച്ചുവിടാതിരിക്കാൻ കാരണമുണ്ടെങ്കിൽ കാണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് ബോർഡിന് ന്യായയുക്തമായ അവസരം നൽകേണ്ടതും ഇക്കാര്യത്തിൽ ബോർഡ് നൽകുന്ന വിശദീകരണങ്ങളോ തടസ്സവാദങ്ങളോ ഗവൺമെന്റ് പരിഗണിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പനുസരിച്ച് ഒരു വിജ്ഞാപനം പുറപ്പെടുവിച്ചാലുടനെ (അ) വിജ്ഞാപന തീയതി മുതൽ ബോർഡിലെ അംഗങ്ങൾ അവരുടെ ഉദ്യോഗത്തിൽ നിന്ന് ഒഴിവാകേണ്ടതാണ്.

(ആ) ബോർഡ് നിർവഹിക്കേണ്ട അധികാരങ്ങളും കർത്തവ്യങ്ങളും ബോർഡ് പിരിച്ചുവിടുന്ന കാലത്തേക്ക് വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥൻമാരോ നിർവഹിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഈ) ബോർഡിൽ നിക്ഷിപ്തമായിരുന്ന എല്ലാ ഫണ്ടുകളും മറ്റു വസ്തുക്കളും പിരിച്ചുവിടൽ കാലത്തേക്ക് ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതാണ്.

(3) വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള കാലാവധിയുടെ അവസാനത്തിൽ ഗവൺമെന്റ് 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം ബോർഡിനെ പുനഃസംഘടിപ്പിക്കേണ്ടതാണ്.

21. ബോർഡ് കണക്കുകളുടെ ആഡിറ്റ്.- ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ നിയമിക്കേണ്ടതാണ്.

22. വാർഷിക റിപ്പോർട്ട്.- (1)ബോർഡിന്റെ നിർദ്ദേശപ്രകാരം ബോർഡിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തോടുകൂടി അതിന്റെ ഒരു കോപ്പി എല്ലാ ആണ്ടിലും ജൂലായ് മാസത്തിന് മുമ്പായി ഗവൺമെന്റിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയാലുടനെ അത് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

23. ചട്ടങ്ങൾ നിർമ്മിക്കാനുള്ള അധികാരം.- ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം മുഖേന ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്.

24. ചട്ടങ്ങളും വിജ്ഞാപനങ്ങളും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന്.- ഈ ആക്ടുപ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും 4-ാം വകുപ്പും 6-ാം വകുപ്പും പ്രകാരം പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും അവയുണ്ടാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്തശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിനാല് ദിവസത്തേക്ക്-അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനത്തിലോപെടാം-വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ചട്ടത്തിലോ വിജ്ഞാപനത്തിലോ വല്ല ഭേദഗതിയും വരുത്തുകയോ അല്ലെങ്കിൽ ചട്ടമോ വിജ്ഞാപനമോ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിനോ വിജ്ഞാപനത്തിനോ അതിനുശേഷം അതതു സംഗതിപോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദപ്പെടുത്തലോ ദുർബലപ്പെടുത്തലോ ആ ചട്ടമോ വിജ്ഞാപനമോ പ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

പട്ടിക

(3-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് കാണുക)

പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

(1) സംസ്ഥാനത്തെ ബ്യൂട്ടിപാർലറുകളിൽ ജോലിചെയ്യുന്നവരും ബ്യൂട്ടിപാർലർ സ്ഥാപനം നടത്തി സ്വയം തൊഴിൽകണ്ടെത്തുന്നവരും നിധിയിലേക്ക് മാസവരി കൊടുക്കേണ്ട സമയവും രീതിയും.

(2) ബോർഡ് ഏതു രീതിയിൽ നിധിയുടെ ഭരണം നടത്തണമെന്നും, ഏതു രീതിയിലാണ് കണക്കുകൾ സൂക്ഷിക്കേണ്ടതെന്നും ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പുറപ്പെടുവിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി നിധിയുടെ വക പണം നിക്ഷേപിക്കേണ്ടതെങ്ങനെയെന്നും നിധിയുടെ ബഡ്ജറ്റ് എങ്ങിനെ തയ്യാറാക്കണമെന്നും കണക്കുകളുടെ ആഡിറ്റു നടത്തേണ്ടതെങ്ങനെയെന്നും അത് ഗവൺമെന്റിന് സമർപ്പിക്കേണ്ട വിധം എങ്ങനെയെന്നും.

(3) അംഗങ്ങളേയും നിധിയേയും സംബന്ധിക്കുന്ന രജിസ്റ്ററുകളും രേഖകളും ഏവയെന്നും.

(4) നിധിയുടെ ഓരോ അംഗത്തിന്റേയും കണക്കിൽ തുക ചേർക്കേണ്ടതിനെ സംബന്ധിച്ച് തത്വം നിർണ്ണയിക്കുന്നതിനെപ്പറ്റി.

(5) നിധിയിൽനിന്ന് ധനസഹായവും വായ്പയും മുൻകൂറുകളും നൽകേണ്ടുന്നതിന്റെ നടപടിക്രമത്തെപ്പറ്റി.

(6) തൊഴിലാളി അടയ്ക്കുന്ന തുകയിൽ വരുത്തേണ്ട കിഴിക്കലുകളോ കുറയ്ക്കലുകളോ നിശ്ചയിക്കാനുള്ള വ്യവസ്ഥകളും നടപടി ക്രമങ്ങളും ഏറ്റവും കൂടിയ കിഴിക്കലും കുറയ്ക്കലും എത്രയെന്ന് തീരുമാനവും.

(7) ഒരംഗത്തിന്റെ മരണശേഷം അയാളുടെ കണക്കിലുള്ള തുക വാങ്ങുന്നതിന് ഒരാളിനെ നാമനിർദ്ദേശം ചെയ്യുകയോ ആ നാമനിർദ്ദേശത്തിൽ മാറ്റം വരുത്തുകയോ.

(8) നിധിയുടെ ഏതെങ്കിലും അംഗത്തെ തിരിച്ചറിയുന്നതിനുവേണ്ടി തിരിച്ചറിയാനുള്ള ഏതെങ്കിലും കാർഡിന്റെ രൂപകൽപ്പന നടത്തുകയോ മാതൃകയുണ്ടാക്കുകയോ ചെയ്യുകയും അത് കൊടുക്കുകയും കൈവശം വയ്ക്കുകയും അതിൽ മാറ്റം വരുത്തുകയും ചെയ്യുക.

(9) പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യത്തിനു ചുമത്തേണ്ട ഫീസ്.

(10) അംഗങ്ങളുടെ ക്ഷേത്തിനായി നിധി വിനിയോഗിക്കുന്നതിനെപ്പറ്റി.

(11) നിധിയുടെ ഭരണത്തിനു ചിലവാകുന്ന തുക ചിലവഴിക്കേണ്ട നടപടിക്രമത്തെപ്പറ്റി.

(12) പദ്ധതിയിൽ വ്യവസ്ഥചെയ്യേണ്ടുന്ന മറ്റെന്തെങ്കിലും കാര്യത്തെപ്പറ്റിയോ പദ്ധതി നടപ്പാക്കുന്ന കാര്യത്തിന് ആവശ്യമുള്ളതോ വേണ്ടതോ ആയ കാര്യങ്ങളെക്കുറിച്ച്.

ഉദ്ദേശ്യകാര്യ പ്രസ്താവന

ഇവർക്ക് ജീവിത ഭദ്രത പ്രദാനം ചെയ്യുന്നതിന് ഒരു ക്ഷേമനിധി അനുപേക്ഷണീയമാണ്. ഈ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാനത്തെ ബ്യൂട്ടിപാർലറുകളിൽ തൊഴിൽചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രയാസങ്ങളും കുറഞ്ഞ വേതനനിരക്കും കണക്കിലെടുത്ത് ബ്യൂട്ടിപാർലറുകളിൽ തൊഴിൽ ചെയ്യുന്നവരും സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ബ്യൂട്ടിപാർലറുകൾ നടത്തുന്നവരുമായ ആയിരക്കണക്കിന് തൊഴിലാളികളുടെ ക്ഷേമത്തിനായാണ് ഈ ബിൽ കൊണ്ടുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാകുന്ന പക്ഷം ഈ ഇനത്തിൽ ഗവൺമെന്റിന് ആണ്ടിനാൽ ആറു ലക്ഷം രൂപ ആവർത്തന ചിലവ് ഉണ്ടാകുന്നതാണ്. ഈ നിധിയുടെ ഭരണത്തിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കേണ്ടതായിവരും. സ്റ്റാഫിന് ആവശ്യമായിട്ടുള്ള ചിലവ്, ബോർഡിന്റെ ചിലവ്, മറ്റ് ചിലവുകൾ എന്നിവ ബോർഡിനു കിട്ടുന്ന മാസവരിയിൽനിന്ന് ചെയ്യാവുന്നതാണ്. എന്നാൽ പ്രാഥമികമായി അഞ്ചുലക്ഷം രൂപ ധനസഹായ സ്ഥാപനങ്ങളിൽനിന്ന് വായ്പയായി വാങ്ങേണ്ടിവരും. ഇത് ഗഡുക്കളായി അടച്ചു തീർക്കാവുന്നതാണ്.

ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ 3-ാം ഖണ്ഡപ്രകാരം "കേരള ബ്യൂട്ടിപാർലർ തൊഴിലാളി ക്ഷേമനിധി പദ്ധതി"എന്ന പേരിൽ ഗവൺമെന്റ് ഒരു പദ്ധതിക്ക് രൂപം നൽകേണ്ടതാണ്. ബില്ലിന്റെ 6-ാം ഖണ്ഡപ്രകാരം ഗവൺമെന്റിന് പദ്ധതി ഭേദഗതി ചെയ്യാനുള്ള അധികാരം നൽകിയിട്ടുണ്ട്. ബില്ലിന്റെ 25-ാം ഖണ്ഡമനുസരിച്ച് ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ നിർമ്മിക്കുവാൻ ഗവൺമെന്റിന് അധികാരം സാധാരണ സ്വഭാവത്തോടുകൂടിയതും വിശദാംശങ്ങളെ സംബന്ധിക്കുന്നതുമാണ്. കൂടാതെ പദ്ധതിയും പദ്ധതിയുടെ ഭേദഗതിയും ചട്ടങ്ങളും നിയമസഭയുടെ മേശപ്പുറത്തു വയ്ക്കാനും അതിനെ ഭേദഗതി ചെയ്യാനോ അതുവേണ്ടെന്നു വയ്ക്കുവാനോ ഉള്ള അധികാരം സഭയ്ക്ക് നൽകിയിട്ടുണ്ട്.

കെ.സി. വേണുഗോപാൽ, എം.എൽ.എ.

LIBRARY ARCHIVES Kerala Legislative Assembly